പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ 3435 29.01.2014 - ൽ മറുപടിക്ക്

കേരള സാമൂഹ്യ സുരക്ഷാ മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ഡോ. എം.കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. <u>ക്യാൻസർ സുരക്ഷാ പദ്ധതി:</u> 18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നു.<br>2. <u>താലോലം പദ്ധതി:</u> 18 വയസ്സ് വരെയുള്ള മാരകരോഗബാധിതരായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികൾ മുഖേന ലബോറട്ടറി പരിശോധന, സർജറി, മരുന്ന് എന്നിവ പദ്ധതിയിൽ പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കി വരുന്നു.<br>3. <u>ആശ്വാസകിരണം പദ്ധതി</u> : തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരേയും സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മാനസിക രോഗങ്ങൾ, ഓട്ടിസം എന്നീ വൈകല്യങ്ങളാൽ കഴിയുന്നവരേയും പരിചരിക്കുന്നവർക്ക് 525/- രൂപ നിരക്കിൽ പ്രതിമാസം ധനസഹായം അനുവദിച്ചു വരുന്നു.<br>4. <u>സ്നേഹസ്പർശം പദ്ധതി</u> : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർക്ക് 1000/- രൂപ നിരക്കിൽ പ്രതിമാസം ധനസഹായം അനുവദിച്ചു വരുന്നു.<br>5. <u>സ്നേഹസാന്ത്വനം പദ്ധതി</u> : എൻഡോസൾഫാൻ ദുരിതബാധിതരായ കടുത്ത ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരിൽ എൻഡോസൾഫാൻ ബാധിതരും ശയ്യാവലംബരുമായ വികലാംഗ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താവിന് 2000/- രൂപയും വികലാംഗ |

പെൻഷൻ ലഭിക്കുന്ന ഗുഭോക്താവിന് 1700/- രൂപയും മറ്റ് രോഗബാധിതരായവർക്ക് 1000/- രൂപയും പദ്ധതി പ്രകാരം പ്രതിമാസം അനുവദിച്ച വരുന്നു.

6. എൻഡോസൾഫാൻ ദുരിതബാധിത കുടുംബത്തിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതി : എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായം 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപയും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3000/- രൂപയും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 4000/- രൂപയും വീതം വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.
7. <u>വയോമിത്രം പദ്ധതി</u> : നഗര പ്രദേശങ്ങളിലെ 65 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനു വേണ്ടി ഹെൽപ്പ്ഡെസ്ക്, ആംബുലൻസ് സർവ്വീസ്, മൊബൈൽ ക്ലിനിക്, പാലിയേറ്റീവ് ഹോം കെയർ, സൗജന്യ മെഡിസിൻ എന്നിവ നൽകി വരുന്നു.
8. <u>സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയക്കുന്ന പദ്ധതി;</u> സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള 74 ക്ഷേമ സ്ഥാപനങ്ങളിലും അന്തേവാസികൾക്ക് അധിക പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന കെയർ പ്രൊവൈഡേഴ്സിനെ അനുവദിച്ച വരുന്നു.
9. <u>വിശപ്പു രഹിത നഗരം പദ്ധതി :</u> അപ്രതീക്ഷിത സന്ദർഭങ്ങളിൽ ആശുപത്രികളിലോ, നഗര പ്രദേശങ്ങളിലോ എത്തിച്ചേരുമ്പോൾ ഭക്ഷണത്തിന് നിവൃത്തിയില്ലാതെ ഇരിക്കുന്നവർക്ക് സൗജന്യമായി ഉച്ചഭക്ഷണം നൽകി വരുന്നു. കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

10. ശ്രുതിതരംഗം പദ്ധതി : ശ്രവണവൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ നൽകി വൈകല്യം മാറ്റിയെടുക്കുന്നു.
11. വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി : പ്രാദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും തൽസമയം വികലാംഗർക്ക് നൽകി വരുന്നു.
12. സ്നേഹപൂർവ്വം പദ്ധതി : മാതാപിതാക്കൾ രണ്ടുപേരും മരിച്ചുപോകുകയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതയില്ലാതാവുകയും ചെയ്യുന്ന വീടുകളിലെ 1 മുതൽ ഡിഗ്രി , പ്രൊഫഷണൽ കോഴ്സുകളിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ / കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.
13. ഒ. ആർ. സി. പദ്ധതി : കുട്ടികളിൽ കുറ്റവാസനകളുടേയും മയക്കമരുന്നുകളുടേയും മദ്യത്തിന്റേയും ഉപയോഗവും സാമൂഹ്യ വിരുദ്ധ മനോഭാവവും വളർന്നു വരുന്നതുകാരണം കുറ്റകൃത്യങ്ങൾ ധാരാളമായി സമൂഹത്തിൽ നടക്കുന്നത് തടഞ്ഞ് ഇവരെ സന്മാർഗികളായി കൊണ്ടു വരികയെന്ന ഉദ്ദേശ്യത്തോടുകൂടി വിദ്യാഭ്യാസ വകുപ്പിനേയും, ആഭ്യന്തരവകുപ്പിനേയും പൊതു സമൂഹത്തേയും കൂട്ടിയിണക്കിക്കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് ഒ. ആർ. സി.
14. സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ്(എസ്.ഐ.ഡി) : വൈകല്യം തടയുന്നതിനായി പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലഭ്യമാക്കി സർക്കാർ പ്രത്യേകം താൽപര്യമെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

| | | | |
|---|---|---|---|
| | | | 15. <u>സമാശ്വാസം പദ്ധതി</u> : സംസ്ഥാനത്ത് വൃക്ക തകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് പ്രതിമാസം **900/-** രൂപയും, വൃക്ക/കരൾ എന്നിവ മാറ്റിവയ്ക്കപ്പെടുന്ന രോഗികൾക്ക് പ്രതിമാസം **1000/-** രൂപയും ധനസഹായം അനുവദിക്കുന്നു. |
| (ബി) | പുതുതായി ഏതെങ്കിലും പദ്ധതികൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ? | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതത്തിനു പുറമെ ആവശ്യമായി വരുന്ന തുക, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, ഫൗണ്ടേഷനുകൾ, വ്യക്തികൾ എന്നിവരിൽ നിന്നും സമാഹരിക്കുകയും അവരുമായി ചേർന്ന് സാമൂഹ്യ സുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ച് അവ നടപ്പിലാക്കുക, സഹായം ആവശ്യമായ ഘട്ടത്തിൽ സഹായമർഹിക്കുന്നവർക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ <u>വീ കെയർ</u> എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. നട്ടെല്ലിനും ഞരമ്പുകൾക്കും ക്ഷതം സംഭവിച്ച് കിടപ്പിലായവരെ ദീർഘകാല പരിചരണം നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള മാതൃകാ പാരാപ്ലജിക് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ